# അക്കാദമിക
# മാസ്റ്റർ പ്ലാൻ

# സ്കൂൾ വിവരങ്ങൾ

സ്കൂളിന്റെ പേര് : എളയടം എൽ.പി

മേൽവിലാസം : എളയടം എൽ.പി. കടമേരി (പി.ഒ)

സ്കൂൾ കോഡ് : 16617

പിൻകോഡ് : 673542

ഗ്രാമപഞ്ചായത്ത് : പുറമേരി

വിദ്യാഭ്യാസ ജില്ല : വടകര

സബ്ജില്ല : നാദാപുരം

ക്ലാസ് : പ്രീപ്രൈമറി മുതൽ 4 വരെ

മാനേജ്മെന്റ് : എയ്ഡഡ്

പഠനമാധ്യമം : മലയാളം

## ആമുഖം

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് വലിയ തോതിലുള്ള പിന്തുണ ലഭിച്ചുവരികയാണ്.

ഭൗതിക സൗകര്യങ്ങളെക്കുറിച്ച് സമൂഹത്തിനുണ്ടായിവന്ന പുതിയ ധാരണകളും സങ്കല്പങ്ങളും ഉൾക്കൊള്ളുന്ന തരത്തിലുള്ള ഒരു പദ്ധതി രൂപപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഒരു എയ്ഡഡ് വിദ്യാലയം എന്ന നിലയിൽ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നമുക്ക് ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്.

ആധുനിക സമൂഹം ആവശ്യപ്പെടുന്ന എല്ലാ സൗകര്യങ്ങളോട് കൂടിയും വിദ്യാലയത്തെ ഹൈടെക്ക് ആക്കി മാറ്റേണ്ടതുണ്ട്. അക്കാദമിക മികവ് ഉറപ്പാക്കുന്നതിലൂടെ മാത്രമേ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കാൻ സാധിക്കൂ. ഭൗതിക സാഹചര്യങ്ങളുടെ മികവും വിദ്യാലയങ്ങളിലുള്ള പൊതുസമൂഹത്തിന്റെ ഇടപെടലുമെല്ലാം അക്കാദമിക മികവ് വർധിപ്പി

ക്കുക എന്ന ലക്ഷ്യത്തിന് കരുത്തേകിക്കൊണ്ടിരി-ക്കുകയാണ്. മുമ്പത്തേക്കാൾ അക്കാദമിക മികവ് സ്കൂളിൽ ഉണ്ടായിട്ടുണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിൽ മാറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല

വിദ്യാലയം പൊതു വിശകലനം

വിദ്യാലയത്തിലെ കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി നല്ല നിലവാരം പുലർത്തുന്നവരല്ല. കാർഷികമേഖല നാടൻ പണികൾ എന്നിവയിലാണ് കൂടുതൽ രക്ഷിതാക്കളും. സ്കൂൾ പ്രവർത്തനങ്ങളിൽ കൂടുതലും സ്ത്രീകളാണ് ഇടപെടാറുള്ളത്. വിദ്യാലയവുമായി ഏതവസരത്തിൽ ബന്ധപ്പെടാനും പ്രശ്നങ്ങൾ ചർച്ച ചെയ്യാനുമുള്ള അവസരം ഉണ്ട്. രക്ഷിതാക്കളും വിദ്യാലയവും തമ്മിൽ നല്ല ബന്ധമാണ്.

നിലവിലെ നേട്ടങ്ങൾ

നിലവിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഓരോ വർഷവും നേട്ടങ്ങളുണ്ട്. ശാസ്ത്രഗണിത പ്രവൃത്തി പരിചയമേളകളിലൊക്കെ കുട്ടികളെ പരിശീലിപ്പിക്കുകയും പങ്കെടുപ്പിക്കാറുമുണ്ട് കുട്ടികൾ നല്ല വിജയം കൈവരിക്കുന്നുമുണ്ട്. കലാമേളകളിലും കായിക മേളയിലും കുട്ടികൾക്ക് നേരത്തെത്തന്നെ പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. നല്ല പ്രവർത്തനം കാഴ്ചവെക്കാൻ കഴിഞ്ഞു. L.SS പരീക്ഷയിൽ നല്ല പരിശീലനം നൽകുകയും സ്കോളർഷിപ്പ് നേടുകയും ചെയ്തിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

- പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും പ്രവേശനം വിദ്യാലയത്തിൽ ഉറപ്പാക്കൽ
- അതിനുതകും വിധം ഭൗതിക അക്കാദമിക മികവുകൾ സജ്ജമാക്കൽ
- ഓരോ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ലഭിക്കുന്ന വിധം അക്കാദമിക പ്രവർത്തനങ്ങൾ ക്രമീകരിക്കുക
- പൊതുസമൂഹത്തിന്റെ നിരന്തര ശ്രദ്ധ വിദ്യാലയത്തിൽ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പൊതു ലക്ഷ്യങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മികവ് നേടുക
- ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.

## അക്കാദമിക വികാസത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

ഭാഷാ ശേഷി വികസനം

ഗണിത ശേഷി വികസനം

വായന ശേഷി വികസിപ്പിക്കൽ

ലൈബ്രറി ശാക്തീകരണം

പൂന്തോട്ട നിർമ്മാണം

സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

പഠന യാത്രകൾ

പ്രവൃത്തി പരിചയ പരിശീലനം

കലാ പരിപോഷണം

ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

കായിക ശേഷി വികസനം

ഇംഗ്ലീഷ് പഠനം അനായാസമാക്കൽ

ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ

ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ

ഉച്ചഭക്ഷണം കാര്യക്ഷമമാക്കൽ

ഉപമേഖല : മലയാളം

പ്രവർത്തനം 1 ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ<br>പദനിർമ്മാണം<br>വാക്യനിർമ്മാണം<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | ആഴ്ചയിൽ 1 തവണ | ക്ലാസ് ടീച്ചർ<br>SRG | |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ് വായനോത്സവം നടത്തൽ<br>ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>വായനാമത്സരം നടത്തൽ<br>പത്രവായന<br>ജന്മദിന പുസ്തക വായനോത്സവം | ആഴ്ചയിൽ 1 തവണ | ക്ലാസ് ടീച്ചർ<br>SRG | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പത്രവായന പരിപോഷിപ്പിക്കുക | പത്രവായന | | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം | വർഷാവസാനം വരെ | വിദ്യാരംഗം |
| | പത്രക്വിസ് | മാസത്തിൽ ഒന്ന് | |
| | വാർത്ത എഴുതൽ | | |
| സർഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | വിദ്യാരംഗം |
| | സാഹിത്യക്വിസ് | വർഷത്തിൽ 1 തവണ | |
| | സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ | വിദ്യാരംഗം |
| | സാഹിത്യകാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | SRG |

## ഉപമേഖല ഇംഗ്ലീഷ് ഭാഷാപഠനം
## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരിക്കൽ പ്രതിജ്ഞ ഇംഗ്ലീഷിൽ പറയൽ | ആഴ്ചയിൽ 1 ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷിൽ വായനാകാർഡ് കുട്ടികൾ നിർമ്മിക്കൽ | ഒരു വിഷയം നൽകി അതിനെക്കുറിച്ച് ഇംഗ്ലീഷിൽ വാക്യങ്ങൾ എഴുതി ചിത്രം വരച്ച് മനോഹരമാക്കൽ | മാസത്തിൽ 1 തവണ | ഇംഗ്ലീഷ് ക്ലബ്ബ് ബന്ധപ്പെട്ട ടീച്ചർ |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം സ്കിറ്റ്, നാടകം സംഭാഷണം തുടങ്ങിയ രീതികൾ | മാസത്തിൽ 1 തവണ | ഇംഗ്ലീഷ് ക്ലബ്ബ് ക്ലാസ് ടീച്ചർ |
| | ഇംഗ്ലീഷ് സിനിമ കാർട്ടൂൺ പ്രദർശനം | മാസത്തിൽ 1 തവണ | ഇംഗ്ലീഷ് ക്ലബ്ബ് |
| വായന പരിപോഷിപ്പിക്കൽ | ലൈബ്രറിയിൽ നിന്നും ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവ ഉൾപ്പെടുത്തൽ | മാസത്തിൽ 1 തവണ | ക്ലാസ് ടീച്ചർ |

## ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | മുഴുവൻ ക്ലാസിലും ഗണിതമൂല സജ്ജീകരിക്കൽ | ജൂൺ-ജൂലൈ | ക്ലാസ്ടീച്ചർ |
| | ഗണിത കളികളിൽ ഏർപ്പെടൽ | മാസത്തിൽ 1തവണ | ഗണിത ക്ലബ്ബ് |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പാക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | 1 മാസം | ഗണിത ടീച്ചർ |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്ക പ്രമേയ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരം ഉറപ്പു വരുത്തുന്നു | ജൂൺ-മാർച്ച് | ക്ലാസ്ടീച്ചർ |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടിയെന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസിലെയും ഗണിത പാഠങ്ങളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് പ്രിന്റ് ചെയ്ത് നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ |

### സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | L.S.S പരീക്ഷകൾക്ക് ചിട്ടയായ പരിശീലനം | 1 വർഷത്തിൽ മുഴുവൻ | S.R.G ടീച്ചർ |

| കലാപരിപോഷണം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| കുട്ടികളുടെ സർഗ വാസനകളെ പരിപോഷിപ്പിക്കൽ | കുട്ടികളുടെ സർഗ വാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക | 1 വർഷം | സാഹിത്യ ക്ലബ്ബ് |
| | സർഗ വേള നടത്തൽ | ആഴ്ചയിൽ 1 ദിവസം | വിദ്യാരംഗം |
| കായിക വിദ്യാഭ്യാസം | | | |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ എല്ലാകുട്ടികൾക്കും അവസരം | PET പിരീഡിൽ Phisical exercice Games എന്നിവ കുട്ടികൾക്ക് നൽകുന്നു | ആഴ്ചയിൽ | S.R.G കായിക ക്ലബ്ബ് |
| | സുംബ പരിശീലനം നൽകൽ | ആഴ്ചയിൽ 1 തവണ | S.R.G |
| പ്രവൃത്തി പരിചയം | | | |
| പ്രവൃത്തി പരിചയ പരിശീലനം നൽകൽ | എല്ലാ കുട്ടികൾക്കും പ്രവൃത്തിപരിചയത്തിൽ പരിശീലനം നൽകൽ വിദഗ്ദരുടെ സേവനം | മാസത്തിൽ 3 തവണ | S.R.G |

## മേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം - പരീക്ഷണം പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>വർഷത്തിൽ 1 തവണ | ക്ലാസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് |
| പാഠഭാഗത്തിലെ പരീക്ഷണങ്ങൾ ചെയ്യൽ | പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടൽ കുറിപ്പ് തയ്യാറാക്കൽ | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ക്ലാസ് ടീച്ചർ |
| ശാസ്ത്ര മേളകളിൽ പൂർണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് ടീച്ചർ |

# അറബി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷി നേടുക | പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തൽ<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>വാചകങ്ങൾ നിർമിക്കൽ<br>ഭാഷാ കളികൾ | 2 മാസം | അറബി ടീച്ചർ |
| കരിക്കുലം ലക്ഷ്യം വെയ്ക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | വായനാമത്സരം<br>റേഡിയോ | ജൂൺ മുതൽ മാർച്ച് | അറബി ടീച്ചർ |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം | പതിപ്പ് നിർമ്മാണം<br>ചുമർപത്രം<br>പോസ്റ്റർ<br>ഭാഷാ കളികൾ | ജൂൺ മുതൽ മാർച്ച് | അറബി ടീച്ചർ |

# ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG വിവിധ ക്ലബ്ബുകൾ |
| പരിസ്ഥിതി സംരക്ഷണം | | | |
| സ്കൂൾ മുറ്റത്ത് പൂന്തോട്ട നിർമ്മാണം | പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് പൂന്തോട്ടം നിർമ്മാണം | ജൂൺ-ആഗസ്റ്റ് | ഇക്കോ ക്ലബ്ബ് |